## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6053 04.07.2019 ൽ മറുപടി നൽകേണ്ടത്.

### അന്ധവിദ്യാലയങ്ങളിലെ വിജിലൻസ് അന്വേഷണം നേരിടുന്ന ഹെഡ് മാസ്റ്റർമാർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ അന്ധവിദ്യാലയങ്ങളിലെ ഹെഡ് മാസ്റ്റർമാരിൽ വിജിലൻസ് അന്വേഷണം നേരിടുന്ന എത്രപേരുണ്ട്; ഇവരുടെ വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ; ഇതിൽ എത്രപേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; കുറ്റക്കാരാണെന്ന് വിജിലൻസ് കണ്ടെത്തിയിട്ടുള്ള ഹെഡ് മാസ്റ്റർമാരെ സസ്പെൻഡ് ചെയ്യുകയോ പ്രസ്തുത തസ്തികയിൽ തരംതാഴ്ത്തുകയോ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (എ) | സർക്കാർ അന്ധവിദ്യാലയത്തിലെ പ്രഥമാധ്യാപകരിൽ നിലവിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണ നേരിടുന്ന ആരും തന്നെയില്ല. എന്നാൽ പൊതു വിദ്യാഭ്യാസ ഡയറക്ടേറ്റിലെ ഐ.ഇ.ഡി. വിഭാഗത്തിലെ വിദ്യാഭ്യാസ ഉപഡയറക്ടർ ആയിരുന്ന ശ്രീ.രാജനെ നിലവിലുണ്ടായിരുന്ന തസ്തികയിൽ നിന്നും നിയമയോഗ്യതയുമായി ബന്ധപ്പെട്ട ബഹു.കോടതി വിധിയുടെ അടിസ്ഥാനത്തിൽ ശ്രീ.രാജനെ കോട്ടയം ജില്ലയിലെ ഒളശ്ശ ഗവ.അന്ധവിദ്യാലയത്തിലെ പ്രഥമാധ്യാപക തസ്തികയിലേയ്ക്ക് തരം താഴ്ത്തുകയുണ്ടായി.<br>വികലാംഗ വിദ്യാർത്ഥികൾക്ക് ഉപകരണങ്ങൾ നൽകിയതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വി.ഇ 4/2018/എസ്.ഐ.യു-2 നമ്പർ പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി വരുന്നുണ്ട്.<br>സ്കൂളിൽ നിന്നും 31.03.2019-ന് ശ്രീ.രാജൻ സേവനത്തിൽ നിന്നും വിരമിച്ചു. ശ്രീ.രാജനെതിരെ വിജിലൻസ് നടത്തുന്ന അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. ആയതിനാൽ വകുപ്പ്തല നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.<br>തൃശ്ശൂർ ജില്ലയിലെ കുന്നംകുളം സർക്കാർ അന്ധവിദ്യാലയത്തിൽ പ്രഥമാധ്യാപകൻ |

| | | | |
|---|---|---|---|
| | | | ആയിരുന്ന ശ്രീ.കെ.എം.അബ്ദുൽ ഹക്കീമിനെതിരായി ഇ 8/(എസ്.സി) 13/16/ടി എസ്.ആർ) 1425/2016 നം പ്രകാരമുള്ള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ യുടെ അന്വേഷണ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ 1960-ലെ കെ.സി.എസ് (സി സി & എ) റൂൾ 15 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ നിന്നും ടിയാനെതിരെ വകുപ്പുതല നടപടി സ്വീകരിച്ചു വരുന്നു. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ യുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാനെ സസ്പെന്റ് ചെയ്യുകയോ, പ്രസ്തുത തസ്തികയിൽ നിന്നും തരംതാഴ്ത്തുകയോ ചെയ്തിട്ടില്ല. അച്ചടക്ക നടപടി പൂർത്തീകരിക്കാത്തതിനാൽ ശ്രീ.കെ.എം.അബ്ദുൾ ഹക്കിമിന് ശിക്ഷ നിശ്ചയിച്ച് നല്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ